**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2054** **12-02-2024 - ൽ മറുപടിയ്ക്ക്**

**നീതി ആയോഗ് ഉപാദ്ധ്യക്ഷനുമായി മുഖ്യമന്ത്രി നടത്തിയ കൂടിക്കാഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നീതി ആയോഗ് ഉപാദ്ധ്യക്ഷനുമായി മുഖ്യമന്ത്രി നടത്തിയ കൂടിക്കാഴ്ചയിൽ സംസ്ഥാനം നേരിടുന്ന സാമ്പത്തിക വെല്ലുവിളിയും അതിനിടയാക്കിയ സാഹചര്യവും സംബന്ധിച്ച് ചർച്ച നടത്താൻ കഴിഞ്ഞിരുന്നുവോ; വിശദമാക്കുമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ (സിഎസ്എസ്) അനുപാതത്തിലെ മാറ്റം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, മുൻവർഷങ്ങളെ അപേക്ഷിച്ച് ആനുപാതികമായ കേന്ദ്രസഹായത്തിൽ ഗണ്യമായ കുറവുണ്ടായതിന്റെ ഫലമായി സംസ്ഥാനം നേരിടുന്ന സാമ്പത്തിക വെല്ലുവിളിയും അതിനിടയാക്കിയ മറ്റ് സാഹചര്യങ്ങൾ സംബന്ധിച്ചും ചർച്ച നടത്താൻ കഴിഞ്ഞിരുന്നു. |
| (ബി) | സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതം യഥാസമയം ലഭിക്കാത്തതും അകാരണമായി വെട്ടിക്കുറയ്ക്കുന്നതും സംസ്ഥാനത്തിന്റെ ക്ഷേമ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം അദ്ദേഹത്തെ ബോധ്യപ്പെടുത്തുന്നതിന് കൂടിക്കാഴ്ച സഹായകമായോ; വിശദമാക്കാമോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ (സിഎസ്എസ് ) അനുപാതത്തിലെ മാറ്റം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, ഉയർന്ന തൊഴിൽ ചെലവ്, ഭൂമിയുടെ ഉയർന്ന വില തുടങ്ങിയ വെല്ലുവിളികൾ, സംസ്ഥാനത്തിന്റെ ക്ഷേമ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്ന വയോജന ജനസംഖ്യ, ആദിവാസി ജനസംഖ്യ , തീരദേശ സമൂഹങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയെ പ്രതികൂലമായി ബാധിക്കുമെന്നും അതിനാൽ സാമ്പത്തിക വിഹിതം നൽകുമ്പോൾ ഈ പ്രശ്നങ്ങൾ ഉൾക്കൊള്ളാൻ ആവശ്യമായ നയങ്ങൾ നടപ്പിലാക്കണമെന്നും നീതി ആയോഗിനെ ബോധ്യപ്പെടുത്തുന്നതിൽ സഹായകമായി. |
| (സി) | സാമൂഹ്യ-പശ്ചാത്തല വികസന മേഖലകളിൽ കേരളം നടത്തുന്ന ഇടപെടലുകളും നടപ്പാക്കുന്ന നൂതന പദ്ധതികളും മാതൃകാപരമാണെന്നും അവ രാജ്യം മാതൃകയാക്കേണ്ടതാണെന്നും കൂടിക്കാഴ്ചയിൽ അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നോ എന്നറിയിക്കുമോ? | (സി) | വികസനത്തിന്റെ കേരള മാതൃക ആഗോളതലത്തിൽ തന്നെ അംഗീകാരം നേടിയിട്ടുണ്ടെന്നും, സാമൂഹികവും ഭൗതികവുമായ മേഖലകളിൽ സംസ്ഥാനം നടത്തിയ നിക്ഷേപങ്ങളാണ് ഇതിന് കാരണമായതെന്നും, വിദ്യാഭ്യാസ നിലവാരം, സുസ്ഥിര വളർച്ചയുടെ പ്രാധാന്യം, പ്രവാസി ക്ഷേമം, വിനോദ സഞ്ചാരം തുടങ്ങിയ മേഖലകളിൽ കേരളം നടത്തുന്ന ഇടപെടലുകളും നൂതന പദ്ധതികളും രാജ്യത്തിന് മുഴുവൻ മാതൃകയാണെന്നും നീതി ആയോഗ് വൈസ് ചെയർമാൻ അഭിപ്രായപ്പെട്ടു. |

സെക്ഷൻ ഓഫീസർ